(സി) പിതൃത്വാവധിയിലായിരിക്കുന്ന കാലയളവ് പ്രൊബേഷൻ ഉൾപ്പെടെയുള്ള എല്ലാ ആവശ്യങ്ങൾക്കും ഡ്യൂട്ടിയായി പരിഗണിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) പിതൃത്വാവധി ഡ്യൂട്ടിയായി പരിഗണിക്കുന്നതിന് ചട്ടങ്ങളിൽ ഭേദഗതി വരുത്തുമോ ;

(ഇ) മുൻകാല പ്രാബല്യത്തോടെ പിതൃത്വാവധി ഡ്യൂട്ടിയായി പരിഗണിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ) 15-1-2013-ലെ സ.ഉ.(പി) 27/2013/ധന പ്രകാരം അനുവദിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 10 ദിവസം വീതം ആകെ സർവ്വീസിൽ 2 പ്രാവശ്യം അവധി അനുവദിക്കുന്നതാണ്.

(സി) പരിഗണിക്കുന്നതാണ്.

(ഡി&ഇ) പിതൃത്വാവധി ഡ്യൂട്ടിയായി പരിഗണിക്കുന്നതിന് KS & SSR ഭാഗം - I ചട്ടം 2 (6) g–യിൽ 26-2-2011 പ്രാബല്യത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് 8-1-2014-ലെ സ.ഉ.(പി) നം. 2/14/ഉ.ഭ.പ.വ. (എസ്.ആർ.ഒ. നമ്പർ. 47/2014) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രീ സർവ്വീസ് പരിശീലനം

56 (6203) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർവ്വീസിൽ ഏതെല്ലാം തസ്തികകൾക്കാണ് പ്രീ-സർവ്വീസ് പരിശീലനം നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രീ-സർവ്വീസ് പരിശീലനകാലം സർവ്വീസായി പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സെക്രട്ടേറിയറ്റ് സർവ്വീസിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർ

57 (6204) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് സർവ്വീസിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ ശമ്പള സ്കെയിൽ എത്രയാണ് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly